## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 957      14/06/2012 - ലെ മറുപടിക്ക്

### ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്ലസ് ടു അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

| ചോദ്യം<br>ശ്രീ:ഇ.കെ.വിജയൻ | ഉത്തരം<br>ശ്രീ. പി.കെ.അബ്ദുറബ്ബ്.<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്ലസ്ടു അദ്ധ്യാപകർക്ക് ആഴ്ചയിൽ ഒരേ എണ്ണം പീരീഡുകൾ കൈകാര്യം ചെയ്യുമ്പോൾ വിവിധ സ്കൂളുകളിൽ വ്യത്യസ്ത രീതിയിലാണ് ജോലി ദിനങ്ങൾ നൽകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്; എച്ച്.എസ്.എസ്.ടി/ എച്ച്.എസ്.എസ്.ടി ജൂനിയർ തസ്തികകളിൽ ഉളള ഒഴിവുകൾ സ്ഥിരാദ്ധ്യാപകൻ ഇല്ലാത്ത സാഹചര്യത്തിൽ 14/08/07 തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ.പി. നം. 154/07/പൊ.വി.വ പ്രകാരം പത്രപരസ്യം ചെയ്ത് സ്കൂളിലെ പ്രധാനാദ്ധ്യാപകൻ, പി.റ്റി.എ പ്രസിഡണ്ട്, ജനപ്രതിനിധി, വിഷയവിചക്ഷണൻ ഇവരടങ്ങുന്ന വിദഗ്ദ്ധ സമിതിയാണ് ഉദ്യോഗാർത്ഥികളുടെ റാങ്ക് പട്ടികയിൽ നിന്നും ദിവസവേതനാടിസ്ഥാനത്തിൽ നിബന്ധനകൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി നിയമനം നടത്തുന്നത്. സ്കൂളുകളുടെ നിർവിഘ്നമായ പ്രവർത്തനത്തിനു വേണ്ടി, സാഹചര്യങ്ങൾക്ക് അനുസൃതമായി ടൈംടേബിൾ ക്രമപ്പെടുത്തി അധ്യയനം സുഗമമാക്കുന്നതിന്റെ ഉത്തരവാദിത്തം പ്രധാനദ്ധ്യാപകനിൽ നിക്ഷിപ്തമായതിനാൽ, വിവിധ സ്കൂളുകളിൽ ഏകീകൃത സ്വഭാവം ഇതു സംബന്ധിച്ച് സാധ്യമാകാറില്ല. വിവിധ കോമ്പിനേഷനുകളിലെ വിവിധ വിഷയങ്ങളും ഭാഷകളും കൈകാര്യം ചെയ്യുന്നതിനാൽ അതത് സ്കൂളുകളിലെ സാഹചര്യങ്ങൾക്കും സൗകര്യങ്ങൾക്കും പര്യാപ്തമായ വ്യവസ്ഥയായിരിക്കും സ്കൂൾ അധികൃതർ കൈക്കൊള്ളുന്നത്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകളുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ബി) | 06/09/11 ലെ ജി.ഒ (ആർ.റ്റി) നം. 3847/11/പൊ.വി.വ എന്നീ ഉത്തരവു പ്രകാരമാണ് ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളത്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ.**